**ചിത്രാഞ്ജലി സ്റ്റുഡിയോ**
**(കെ.എസ്.എഫ്.ഡി.സി. യൂണിററ്)**
**തിരുവല്ലം, തിരുവനന്തപുരം-27**
**ഫോൺ: 0471-2381451, 2380946**


നം: 6056/സി.എസ്/സ്റ്റോർ/2024 24.12.2024

**ടെണ്ടർ നോട്ടീസ്**

ചിത്രാഞ്ജലി സ്റ്റുഡിയോയിലെ ഉപയോഗശൂന്യമായ 75KVA ജനറേറ്ററോട് കൂടിയ KL-01 N 1010 ഔട്ട്ഡോർ യൂണിറ്റ് വാഹനം നിലവിലുള്ള അവസ്ഥയിൽ ഖണ്ഡം ചെയ്ത് വിൽക്കുന്നു.

ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി : ***07/01/2025 01.00 PM***

കൂടുതൽ വിവരങ്ങൾക്ക് **www.ksfdc.in** സന്ദർശിക്കുക.

ഫോൺ: **9961968135**

(ഒപ്പ്)

**സ്റ്റുഡിയോ മാനേജർ i/c.**

ടെണ്ടർ നിബന്ധനകളും വ്യവസ്ഥകളും :

**1)** ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സൂക്ഷിച്ചിട്ടുള്ള ഉപയോഗശൂന്യമായ 75KVA ജനറേറ്ററോട് കൂടിയ KL-01 N 1010 ഔട്ട്ഡോർ യൂണിറ്റ് വാഹനം നിലവിലുള്ള അവസ്ഥയിൽ ഖണ്ഡം ചെയ്ത് താഴെപ്പറയുന്ന നിബന്ധനകൾ പ്രകാരം ടെണ്ടർ നടപടിയിലൂടെ വിൽക്കുന്നു.

2) ടെണ്ടറിൽ പങ്കെടുക്കാൻ താല്പ്പര്യമുളളവർക്ക് ടി വാഹനം 07/01/2025 ചൊവ്വാഴ്ച ഉച്ചയ്ക്ക് 12 മണി വരെ പ്രവർത്തി ദിവസങ്ങളിൽ സ്റ്റുഡിയോയിൽ എത്തി നേരിൽ കണ്ട് പരിശോധിയ്ക്കാവുന്നതാണ്.

3) 07/01/2025-ന് ചൊവ്വാഴ്ച ഉച്ചയ്ക്ക് 12 മണി വരെ ടി ഉപയോഗശൂന്യമായ വാഹനത്തിന്റെ ടെണ്ടർ ഫോറത്തിന്റെ വിലയായി 500/- + 18% ജി.എസ്.ടി.യും, ഓഫീസിൽ നിന്നും ടെണ്ടർ ഫോറം നേരിട്ട് വാങ്ങുകയോ, www.ksfdc.in എന്ന വെബ് സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതുമാണ്. ഇത്തരം അവസരത്തിൽ ടെണ്ടർ ഫോറത്തിൻെറ വില ഡി.ഡി/രസീത് ആയി പ്രത്യേകം സമർപ്പിയ്ക്കണം.

4) നിശ്ചിത ടെണ്ടർ ഫോറം പൂരിപ്പിച്ച് ടെണ്ടർ ഫോറത്തിൻെറ വില, നിരതദ്രവ്യം എന്നിവയുടെ തുകയായ ഡി.ഡി/രസീത്, ടെണ്ടറിൽ പങ്കെടുക്കുന്ന വ്യക്തിയുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പ്, ടെണ്ടർ നിബന്ധനകളും വ്യവസ്ഥകളും, ടെണ്ടർ ഷെഡ്യൂൾ എന്നിവയുടെ എല്ലാ പേജുകളിലും ഒപ്പ് വച്ച് മുദ്ര വെച്ച് കവറിനു മുകളിൽ ***"75KVA ജനറേറ്ററോട് കൂടിയ KL-01 N 1010 ഔട്ട്ഡോർ യൂണിറ്റ് വാഹനത്തിന്റെ ടെണ്ടർ"*** എന്ന് വ്യക്തമായി രേഖപ്പെടുത്തി മുദ്രവച്ച് 07/01/2025 ഉച്ചയ്ക്ക് 01 മണിയ്ക്ക് മുമ്പായി ***"സ്റ്റുഡിയോ മാനേജർ, ചിത്രാഞ്ജലി സ്റ്റുഡിയോ, തിരുവല്ലം, തിരുവനന്തപുരം-27"*** എന്ന മേൽ വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതുമാണ്. ടെണ്ടർ ഫോറത്തിൻെറ വില, നിരതദ്രവ്യം എന്നിവ ഇല്ലാത്ത ടെണ്ടറുകൾ നിരുപാധികം നിരസിക്കുന്നതാണ്.

5) ടെണ്ടറിൽ പങ്കെടുക്കുന്നവർ ടി ഉപയോഗശൂന്യമായ വാഹനത്തിന്റെ വില ടെണ്ടർ ഫോറത്തിൽ വ്യക്തമായി അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി സമർപ്പിക്കേണ്ടതും ടെണ്ടറിൽ രേഖപ്പെടുത്തുന്ന തുകയുടെ 2.5% തുക നിരതദ്രവ്യമായി "കെ.എസ്.എഫ്..ഡി.സി ലിമിറ്റഡ്" തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി/രസീത് ആയി അടയ്ക്കേണ്ടതുമാണ്.

6) മുദ്ര വെച്ച ടെണ്ടറുകൾ ***07/01/2025-ന് ഉച്ചയ്ക്ക് 02 മണിയ്ക്ക്*** തുറന്ന് പരിശോധിക്കുന്നതാണ്. തദവസരത്തിൽ ടെണ്ടർ സമർപ്പിച്ചവർക്കോ, പ്രതിനിധികൾക്കോ സന്നിഹിതരാകാവുന്നതാണ്. ഏതെങ്കിലും കാരണവശാൽ ടെണ്ടർ തുറന്ന് പരി

ശോധിക്കുന്ന ദിവസം അവധിയാകാൻ ഇടയായാൽ അടുത്ത പ്രവർത്തി ദിവസം തുറന്ന് പരിശോധിക്കുന്നതാണ്.

7) ഏററവും ഉയർന്ന തുക രേഖപ്പെടുത്തിയിട്ടുളള ആദ്യത്തെ മൂന്ന് ടെണ്ടറുകൾ ഒഴികെ ബാക്കിയുളളവരുടെ നിരതദ്രവ്യം അന്നേ ദിവസം തിരികെ നൽകുന്നതാണ്.

8) കെ..എസ്.എഫ്..ഡി.സി മാനേജിംഗ് ഡയറക്ടർക്ക് യാതൊരു കാരണവും കൂടാതെ ടെണ്ടർ നടപടി റദ്ദ് ചെയ്യുവാനും, ഏതൊരു ടെണ്ടറും നിരസിക്കുവാനും, ടെണ്ടർ നടപടികൾ പൂർണ്ണമായി നിറുത്തി വെയ്ക്കുവാനും റദ്ദ് ചെയ്യുവാനും അധികാരമുണ്ടായിരിയ്ക്കുന്നതാണ്.

9) ടെണ്ടറുകൾ അംഗീകാരത്തിന് വിധേയമായി ഉറപ്പിച്ച് കിട്ടുന്ന വ്യക്തി ടെണ്ടർ തുകയും 18% ജി.എസ്.ടി.യും ചേർത്ത് തുക ഡി.ഡി ആയോ, ആർ.ടി.ജി.എസ് ആയോ കെ.എസ്.എഫ്.ഡി.സി.യുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അടയ്ക്കേണ്ടതാണ്. ടെണ്ടർ ഉറപ്പിച്ചുകൊണ്ടുളള നോട്ടീസ് കൈപ്പററി **മൂന്ന്** ദിവസത്തിനകം തുക അടച്ച് **07** ദിവസത്തിനകം സ്റ്റുഡിയോ വക വസ്തുവകകൾക്ക് നാശനഷ്ടം വരാതെ ടി വാഹനം ഖണ്ഡം ചെയ്ത് സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെയുള്ള സമയത്ത് ഗേററ് പാസ് വാങ്ങി മെയിൻ ഗേററിലൂടെ മാറ്റേണ്ടതാണ്. നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ ടെണ്ടർ തുക അടയ്ക്കാത്ത പക്ഷം നിരതദ്രവ്യം കണ്ടു കെട്ടുന്നതും ഉറപ്പിച്ച് കിട്ടിയ ടെണ്ടർ ഒററിയിപ്പും കൂടാതെ റദ്ദാക്കുന്നതുമാണ്.

10) ടെണ്ടർ ഉറപ്പിച്ച് കിട്ടുന്ന വ്യക്തിയുടെ നിരതദ്രവ്യം സെക്യൂരിററി ഡെപ്പോസിററായി കണക്കാക്കുന്നതും സ്റ്റുഡിയോ വസ്തുവകകൾക്ക് നാശനഷ്ടം വരാത്ത വണ്ണം ടി വാഹനം ഖണ്ഡം ചെയ്ത് നീക്കം ചെയ്ത ശേഷം മാത്രമെ മാത്രമെ നിരതദ്രവ്യം തിരികെ നൽകുകയുള്ളു**.**

11) ടി ടെണ്ടറുമായി ഉണ്ടാകാവുന്ന തർക്കങ്ങളിൽ കെ..എസ്.എഫ്..ഡി.സി മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിയ്ക്കും.

12) മത്സരസ്വഭാവമില്ലെങ്കിൽ ടെണ്ടർ നടപടികൾ റദ്ദ് ചെയ്യുന്നതാണ്.

13) ടെണ്ടറിൽ ഉൾപ്പെട്ട ടി വാഹനം ഖണ്ഡം ചെയ്ത് കൊണ്ടുപോകേണ്ടതാണ്. ഇവയിൽ ആവശ്യമുളളവ ആവശ്യമില്ലാത്തവ എന്ന രീതിയിൽ തിരഞ്ഞെടുക്കാൻ അനുവദിക്കുന്നതല്ല.

14) ടി വാഹനം ഖണ്ഡം ചെയ്ത് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ടുളള എല്ലാ തർക്കങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും കരാറുകാരൻ മാത്രം ഉത്തരവാദി ആയിരിക്കും.

15) മേൽപ്പറഞ്ഞ നിബന്ധനകളിൽ മാറ്റം വരുത്താൻ/കൂട്ടിച്ചേർക്കാൻ കെ.എസ്.എഫ്.ഡി.സി. മാനേജിംഗ് ഡയറക്ടർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)

**സ്റ്റുഡിയോ മാനേജർ i/c.**

24.12.2024
തിരുവല്ലം

# ചിത്രാഞ്ജലി സ്റ്റുഡിയോ
# തിരുവല്ലം, തിരുവനന്തപുരം-27

**ഫോൺ: 0471-2381451, 2380946**

നം: 6056/സി.എസ്/സ്റ്റോർ/2024 24.12.2024

## ടെണ്ടർ ഷെഡ്യൂൾ

| | |
|---|---|
| 1) ഇന വിവരം | : ഉപയോഗശൂന്യമായ 75KVA ജനറേറ്ററോട് കൂടിയ KL-01 N 1010 ഔട്ട്ഡോർ യൂണിറ്റ് വാഹനം നിലവിലുള്ള അവസ്ഥയിൽ ഖണ്ഡം ചെയ്ത് ടെണ്ടറിലൂടെ വിൽക്കുന്നു. |
| 2) ടെണ്ടർ ഫോറത്തിന്റെ വില | : 500/- രൂപ + 18% ജി.എസ്.ടി. |
| 3) നിരതദ്രവ്യം | : ടെണ്ടറിൽ രേഖപ്പെടുത്തുന്ന തുകയുടെ 2.5% |
| 4) ടെണ്ടർ ഫോറം വില്ക്കുന്ന അവസാന തീയതി | : **07/01/25 ഉച്ചയ്ക്ക് 12 മണി വരെ** |
| 5) ടെണ്ടറുകൾ സമർപ്പിക്കേണ്ട അവസാന തീയതി | : **07/01/25 ഉച്ചയ്ക്ക് 01 മണി വരെ** |
| **6)** ടെണ്ടറുകൾ തുറക്കുന്ന തീയതി | : **07/01/25 ഉച്ചയ്ക്ക് 02 മണി വരെ** |
| 7) ടെണ്ടറുകൾ സമർപ്പിക്കേണ്ട മേൽവിലാസം | : **സ്റ്റുഡിയോ** മാനേജർ **i/c**, **ചിത്രാഞ്ജലി സ്റ്റുഡിയോ,** **തിരുവല്ലം, തിരുവനന്തപുരം-27.** |

(ഒപ്പ്)

**സ്റ്റുഡിയോ മാനേജർ i/c.**

***<u>ഉപയോഗശൂന്യമായ 75KVA ജനറേറ്ററോട് കൂടിയ KL-01 N 1010 ഔട്ട്ഡോർ യൂണിറ്റ് വാഹനം നിലവിലുള്ള അവസ്ഥയിൽ ഖണ്ഡം ചെയ്ത് വിൽക്കുന്നതിനുള്ള ടെണ്ടർ ഫോം</u>***

1. പേരും മേൽ വിലാസവും : ...............................................

...............................................

ഫോൺ നമ്പർ ...............................................

2. തിരിച്ചറിയൽ രേഖ സംബന്ധിച്ച വിവരങ്ങൾ: ..........................................

..........................................

3. ടെണ്ടർ ഫോറത്തിന്റെ വില : ….. ……………………….. രൂപ
   അടച്ചതിന്റെ വിശദാംശം ഡി.ഡി/രസീത് നമ്പർ …………..
   തീയതി: …………..

4. നിരതദ്രവ്യം അടച്ചതിന്റെ : ………. ………………..രൂപ
   വിശദാംശം ഡി.ഡി/രസീത് നമ്പർ …………..
   തീയതി: ………….

5. ഉപയോഗശൂന്യമായ 75KVA ജനറേറ്ററോട് കൂടിയ KL-01 N 1010 ഔട്ട്ഡോർ യൂണിറ്റ് വാഹനത്തിന് ക്വാട്ട് ചെയ്യുന്ന തുക :
   (ജി.എസ്.ടി പുറമേ) : …….. ………………… രൂപ
   (അക്ഷരത്തിൽ ………………………………………………………….)

ടി 75KVA ജനറേറ്ററോട് കൂടിയ KL-01 N 1010 ഔട്ട്ഡോർ യൂണിറ്റ് വാഹനം നേരിൽ കണ്ട് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതും ഇവയുടെ 18% ജി.എസ്.ടി കൂടാതെയുള്ള വില യാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ടെണ്ടർ നിബന്ധനകളും വ്യവസ്ഥകളും വായിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ് :

പേര് :

സ്ഥലം :
തീയതി:

* (ടെണ്ടർ ഫോറം, ഫോറത്തിന്റെ വില, നിരതദ്രവ്യം, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് എന്നിവ അടക്കം ചെയ്യണം).

This document was created with the Win2PDF “Print to PDF” printer available at

https://www.win2pdf.com

This version of Win2PDF 10 is for evaluation and non-commercial use only.
Visit https://www.win2pdf.com/trial/ for a 30 day trial license.

This page will not be added after purchasing Win2PDF.

https://www.win2pdf.com/purchase/